

# MCQ.പണയം-ഇ.സന്തോഷ് കുമാർ [കഥ]

## Suresh Areekode,Mukulam malayalam

1. "നന്മകൾ കേട്ടതു കണ്ടതു ചൊല്ലാൻ നാക്കിനു കഴിയട്ടെ" -ആരുടെ വരികൾ?

a) അയ്യപ്പപണിക്കർ b) വീരാൻകുട്ടി c) ഉള്ളൂർ

2."വാക്കിനോളം തൂക്കമില്ലീ ഊക്കൻ ഭൂമിക്കു പോലുമേ " ? വരികളുടെ കർത്താവ് ആര്?

a) വള്ളത്തോൾ b) കുമാരനാശാൻ c) കുഞ്ഞുണ്ണി മാഷ്

3. "മുമ്പേ പറയുന്ന ഒരു വാക്ക് പിന്നെ പറയുന്ന രണ്ടു വാക്കുകളെക്കാൾ ശക്തമാണ് "? ഇത് ഒരു പഴമൊഴിയാണ്? ഭാഷയേത്?

a) വെൽഷ് b) റഷ്യൻ c) ചൈനീസ്

4. "തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിന് കഴിയട്ടെ" - അർത്ഥ സാധ്യതയേത്?

a) കാണുന്നതിനോടും കേൾക്കുന്നതിനോടും പ്രതികരിക്കാൻ നമുക്ക് കഴിയണം

b) എല്ലാത്തിനോടും എതിർപ്പ് പ്രകടിപ്പിക്കണം

c) എല്ലാത്തിനേയും നിരൂപിക്കണം

5.ചാക്കുണ്ണിയും ചെമ്പുമത്തായിയും കഥാപാത്രമായി വരുന്ന ഇ.സന്തോഷ് കുമാറിന്റെ കഥയേത്?

a) പണയം b) അമ്മത്തൊട്ടിൽ c) കോഴിയും കിഴവിയും

6.*പണയം* എന്ന കഥയിൽ പണയ വസ്തുവായി മാറുന്നത് ഏത്?

a) കോഴി b) റേഡിയോ c) കത്തുകൾ

7. *റേഡിയോ* പ്രധാന കഥാപാത്രമായി വരുന്ന ഇ.സന്തോഷ് കുമാറിന്റെ കഥയേത്?

a) ചാവുകളി b) നീചവേദം c) പണയം

8. ഒരു ചലചിത്രത്തിലെന്ന പോലെ വായനക്കാരന്റെ മനസ്സിൽ ദൃശ്യാനുഭവം പകർന്നു നൽകുന്ന കഥയേത്.?

a) കാക്കര ദേശത്തെ ഉറുമ്പുകൾ b) പണയം c) എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ

9. "കഥ മാറുകയാണ്.പ്രമേയങ്ങളില്ല ആഖ്യാനങ്ങളിലും ആവിഷ്ക്കാരങ്ങളിലും ഭാഷാശൈലിയിലും കഥ മാറുന്നു" - ഇങ്ങനെ അഭിപ്രായപ്പെട്ട നിരൂപകൻ ആര്?

a) ഡോ. പി.കെ.രാജശേഖരൻ b) ഡോ.എം.എം.ബഷീർ c) പ്രഫ.സുകുമാർ അഴീക്കോട്

10. ലോകത്തെ സകല ജീവജാലങ്ങളെയും ഒരു സർക്കസ് കൂടാരത്തിന്റെ ഉള്ളിലൊതുക്കി പ്രപഞ്ചത്തിന്റെ കാലിഡോസ്ക്കോപ്പിക്ക് ചിത്രം അവതരിപ്പിക്കുന്ന ഇ.സന്തോഷ് കുമാറിന്റെ കഥയേത്?

a) അന്ധകാരനഴി b) നീചവേദം c) ഗാലപ്പഗോസ്

11.***കാക്കര ദേശത്തെ ഉറുമ്പുകൾ*** ഇ.സന്തോഷ് കുമാറിന്റെ രചനയാണ്. ഏത് സാഹിത്യ വിഭാഗത്തിൽ വരുന്നു.?

a) നോവൽ b) ആത്മകഥ c) ബാലസാഹിത്യം

12. 'മൂന്നു പതിറ്റാണ്ട് സൂചികോർത്ത് കുഴിഞ്ഞു പോയ കണ്ണുകൾ' - ഈ പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

a) തയ്യൽക്കാരനായി ദീർഘകാലം ജോലി ചെയ്ത സാധാരണക്കാരന്റെ ദയനീയാവസ്ഥ

b) തയ്യൽക്കാരുടെ കണ്ണുകളെല്ലാം കുഴിഞ്ഞിരിക്കും.

c) ചാക്കുണ്ണി മികച്ച ഒരു തയ്യൽക്കാരനായിരുന്നു.

13. 'ചാക്കോരു മാപ്ലയ്ക്ക് സ്വർണം ചോരേല് ണ്ടാർന്നതാ. ഒരച്ച് നോക്കാണ്ടെന്നേ പറയും. ഇത്ര ചെമ്പ് ഇത്ര സ്വർണം! 'ഈ പ്രസ്താവന ***പണയം*** എന്ന കഥയിലെ ഏത് കഥാപാത്രവുമായി ബന്ധപ്പെട്ടത്?

a) ചാക്കുണ്ണി b) ചെമ്പുമത്തായി c) കുഞ്ഞനം

sureshareekodemukulammalayalam

14.ആ റേഡിയോയ്ക്ക് നല്ല വിലയുണ്ട് മത്തായി മൂപ്പരേ- അടിവരയിട്ട ഭാഗത്തിന്റെ സൂചനയെന്ത്?

a) ആ റേഡിയോയ്ക്ക് ആയിരം രൂപ വിലയുണ്ട്

b) ആ റേഡിയോയുടെ മൂല്യം നിർണയിക്കാൻ കഴിയാത്തതാണ്

c) ആ  റേഡിയോ വായ്പയെടുത്ത് വാങ്ങിയതായിരുന്നു

15.'ന്നാലും ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ.റേഡിയോടെ പിന്നില് നോക്ക്യാ അറിയാം. ഒരു കുട്ടീടെ പടം.... എന്താ അത്?' - ഇത് ആരുടെ സംഭാഷണം?

a) കണ്ടക്ടർ സുകുമാരൻ  b)  ചെമ്പുമത്തായി   c) ചാക്കുണ്ണി

16.'കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചില്ല്യ. നമ്മടെ നല്ല കാലത്ത് അവറ്റെയൊക്കെ നല്ല പെട പെടച്ചിട്ടാ ഞാൻ വളർത്തീരിക്കണത് ' -ആരുടെ വാക്കുകൾ?

a) കുഞ്ഞനം  b) ചെമ്പുമത്തായി c) ചാക്കുണ്ണി.

17.'അങ്ങന്യല്ല മത്തായി മൂപ്പരേ, ഒരു നോട്ടം വേണം ന്നേ ഞാൻ പറഞ്ഞുള്ളൂ'-. അടിവരയിട്ട പദത്തിന്റെ അർത്ഥം എന്ത്?

a) നോക്കണം   b) സൂക്ഷിക്കണം  c) ശ്രദ്ധ

18.'അയാളുടെ തയ്യൽക്കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയ കാലം ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു.'  ആറാട്ടുകുന്നിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം ഏത്?

a) ആകാശവാണി    b) തയ്യൽക്കട    c) പണയ സ്ഥാപനം

19.ആശുപത്രിയിൽ നിന്ന് മടങ്ങുമ്പോൾ ചാക്കുണ്ണിയുടെ മനസ്സിൽ ആധിയായിരുന്നു. അടിവരയിട്ട പദത്തിന്റെ അർത്ഥം?

a) സന്തോഷം    b) ദു:ഖം    c) നിരാശ

sureshareekodemukulam

20.ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവം ചിലരായിരുന്നു,അവരെല്ലാം? ആരെല്ലാം?

a) ചാക്കുണ്ണിക്ക് കാശു കൊടുക്കാനുള്ളവർ

mukulammalayalam

b) ചെമ്പുമത്തായിയുടെ അടുത്ത് പണയംവെച്ചവർ

c) ചെമ്പുമത്തായിയുടെ മക്കൾ

21.ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വെയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു?സൂചനയെന്ത്?

a) ചാക്കുണ്ണിക്ക് പനിയായിരുന്നു.

b) ചാക്കുണ്ണിയുടെ മനസ്സ് വല്ലാതെ പ്രയാസപ്പെട്ടിരുന്നു

c) ചാക്കുണ്ണിയുടെ വീടിന് തീ പിടിച്ചിരുന്നു.

22.'തയ്യൽക്കാരൻ ചാക്കുണ്ണി സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറിക്കൂടിയിരിക്കുന്നത് പോലെ അയാൾക്കു തോന്നി' - സൂചനയെന്ത്?

a) ചാക്കണ്ണിയുടെ മെലിഞ്ഞ ശരീരവും വേഷവും

b) ചാക്കുണ്ണി കടം വാങ്ങിയ ഉടുപ്പായിരുന്നു ധരിച്ചത്.

c) ഉടുപ്പ് പഴയതായിരുന്നു.

23.  .............. ചാക്കുണ്ണി മെല്ലിച്ച ഒച്ചയിൽ പറഞ്ഞു.ഞായറാഴ്ച രാവിലെ അതാ സ്പെഷ്യൽ ? ഇവിടെ സൂചിപ്പിക്കുന്ന റേഡിയോ പരിപാടി ഏത്?

a) ചലചിത്രഗാനങ്ങൾ     b) ബാലമണ്ഡലം    c) സിനിമ ശബ്ദരേഖ

24.'നാളെ ഞാൻ കടേല് വരില്യ മൂപ്പരേ. കൊറച്ച് ദിവസത്തിക്ക് ഞാനില്ല്യ' -ചാക്കുണ്ണിയുടെ സംസാരവുമായി ബന്ധപ്പെട്ട സൂചനയെന്ത്?

a) തയ്യൽക്കട പൂട്ടി സീൽ ചെയ്തിരുന്നു.  b) മകന്റെ മരണം   c) പള്ളിപ്പെരുനാളിന് പോയത്

25. 'എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ.ഒക്കെ നിങ്ങള് എഴുതിവെയ്ക്കണം.സൂചനയെന്ത്?
a) ചാക്കുണ്ണിയുടെ കണക്ക് പുസ്തകം കാണാനില്ലായിരുന്നു
b) ചാക്കുണ്ണി പുസ്തകത്തിൽ എഴുതിയ കണക്കുകൾ തെറ്റിയിരുന്നു.
c) ജീവിതവുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ കണക്ക് കൂട്ടൽ തെറ്റി പോയിരുന്നു.
26.***അന്ധകാരനഴി*** -ആരുടെ രചനയാണ്?
a) യൂസഫലി കേച്ചേരി b) ഇ.സന്തോഷ് കുമാർ c) സുകുമാർ അഴീക്കോട്
27.***മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു.*** എന്ന കൃതിയുടെ രചിയിതാവ് ആര്?
a) ഇ.സന്തോഷ് കുമാർ b) റഫീക്ക് അഹമ്മദ് c) ശ്രീനാരായണ ഗുരു.
28.ക് ടാവ് - പദത്തിന്റെ അർത്ഥം ഏത്?
a) കുട്ടി b) സ്ഥാനപ്പേര് c) കിട്ടാനുള്ളത്
29. റേഡിയോ പണയം വെയ്ക്കുന്നതിൽ ചാക്കുണ്ണിക്കുള്ള മാനസികപ്രയാസം എന്ത്?
a) പണിയെടുക്കാൻ പാട്ട് കേൾക്കണമെന്ന ചിന്ത.
b) റേഡിയോ പരിപാടികൾ കേട്ട് കുടുംബവുമായി സന്തോഷം പങ്കിടാനാകില്ല എന്ന ചിന്ത.
c) റേഡിയോ ആരും പണയത്തിനെടുക്കില്ല എന്ന ചിന്ത.
30.***ചിദംബര രഹസ്യം-*** ആരുടെ രചനയാണ്?
a) സുകുമാർ അഴീക്കോട് b) ചട്ടമ്പിസ്വാമികൾ c) ഇ.സന്തോഷ് കുമാർ
31. **കുട്ടസുമുറി -** വിഗ്രഹാർത്ഥമേത്?
a) കുട്ടസായ മുറി b) കുട്ടസിന്റെ മുറി c) കുട്ടസും മുറിയും
32.ക് ടാവ് - എന്നതിന്റെ നാനാർത്ഥ പദമല്ലാത്ത്? sureshareekodemukulam
a) ശിശു b) പോത്ത് c) കടവ്
33.***വെടക്ക്*** -എന്ന പദത്തിന്റെ അർത്ഥമായി വരുന്നത്?
a) വടക്ക് b) അടി c) ചീത്ത
34.***ആഴം*** -എന്നതിന്റെ പര്യായപദമല്ലാത്തത് ഏത്?
a) ആഗാധം b) താഴ്ച c) വിതലം
35.താഴെ പറയുന്നവയിൽ ചാക്കുണ്ണിയുടെ ജീവിതാവസ്ഥ സൂചിപ്പിക്കുന്ന പരാമർശം ഏത് ?
a) അളവുകൾ തെറ്റിച്ച് അദ്ദേഹം ഉടുപ്പു തുന്നിയത്
b) ബാല മണ്ഡലം പരിപാടി കേട്ടത്
c) ആളുകൾ വരുമ്പോൾ റേഡിയോ ഓൺ ചെയ്യുത്.
36.***പണയം*** -എന്ന കഥയിൽ പണത്തിനു മാത്രം മൂല്യം കൽപ്പിക്കുന്ന വ്യക്തി ?
a) ചാക്കുണ്ണി b) കണ്ടക്ടർ സുകുമാരൻ c) ചെമ്പുമത്തായി
37.***അലോസരം*** -എന്നതിന്റെ അർത്ഥമായി വരുന്ന പദം ഏത്?
a) ആലോചന b) ശല്യം c) കഷ്ടപ്പാട്
38.ചാക്കുണ്ണി, റേഡിയോ പണയം വെച്ചത് എന്തിനായിരുന്നു?
a) ഇളയക്കുട്ടിയുടെ ചികിത്സക്ക് പണം കണ്ടെത്താൻ
b) തയ്യൽക്കട വിപുലീകരിക്കാൻ
c) ബാങ്കിലെ കടം വീട്ടാൻ
39.കുട്ടികളെ നല്ല പെട പെടച്ച് വളർത്തണമെന്ന അഭിപ്രായം വെച്ചു പുലർത്തുന്ന കഥാപാത്രം ?
a) ചെമ്പുമത്തായി b) കുഞ്ഞനം c) ചാക്കുണ്ണി
40.ചാക്കുണ്ണി വാങ്ങിയ റേഡിയോയുടെ സവിശേഷതയെന്തായിരുന്നു?
a) ബാറ്ററിയില്ലാതെ പ്രവർത്തിക്കുന്നതായിരുന്നു.
b) റോഡിയോയുടെ പിറകുവശത്ത് ഒരു കുട്ടിയുടെ പടമുണ്ടായിരുന്നു.

c) റോഡിയോയുടെ കവചം അലൂമിനിയത്തിൽ നിർമിച്ചതായിരുന്നു.

41.ചാക്കുണ്ണി വാങ്ങിയ റേഡിയോ ചരിത്ര സംഭവമാക്കുന്നതെങ്ങനെ?

a) ആറാട്ടുകുന്നിലെ ആദ്യത്തെ റേഡിയോ ആയിരുന്നു.

b) റേഡിയോ പണയ മുതലായി മാറുന്നതിനാൽ

c) തയ്യൽക്കാരൻ റേഡിയോ വാങ്ങിയതിനാൽ

42.ചാക്കുണ്ണി, റേഡിയോ എത്ര രൂപക്കാണ് പണയം വെയ്ക്കുന്നത് ?

a) അമ്പത് b) മുപ്പത് c) എൺപത്

43.തയ്യൽക്കാരൻ ചാക്കുണ്ണിയുടെ കാലിനെ ബാധിച്ച അസുഖം എന്തായിരുന്നു.

a) മന്ത് രോഗം b) ആണി രോഗം c) നീര്

44.ചാക്കുണ്ണിയുടെ മക്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട റേഡിയോ പരിപാടി ഏതായിരുന്നു.?

a) ചലചിത്ര ഗാനങ്ങൾ b) വയലും വീടും c) ബാലമണ്ഡലം

45.***പണയം*** -എന്ന കഥയിൽ റേഡിയോയ്ക്ക് സംഭവിക്കുന്ന പരിണാമം എന്ത്?

a) റേഡിയോ കേടു വന്നു b) റേഡിയോ ചാക്കുണ്ണിക്ക് തിരിച്ച് കിട്ടി. c) റേഡിയോ മത്തായിയുടെ പണയ മുതലായി മാറി.

46.റേഡിയോ പണയം വെയ്ക്കുന്നതിലൂടെ ചാക്കുണ്ണിയുടെ ഏത് മനോഭാവമാണ് കഥാകൃത്ത് ആവിഷ്കരിച്ചിരിക്കുന്നത് ?

Sureshareekode mukulammalayam

a) റേഡിയോയോടുള്ള മമത,സ്വാധീനം

b) കുട്ടികളോടുള്ള സ്നേഹശൂന്യത

c) പണം കടം വാങ്ങാനുള്ള മടി.

47.ചാക്കുണ്ണിയേയും കുടുംബത്തേയും തീരാദു:ഖത്തിലാഴ്ത്തിയ സംഭവമേത്?

a) റേഡിയോ നഷ്ടപ്പെട്ടത് b) ഇളയകുട്ടി അസുഖം ബാധിച്ച് മരിച്ചത് c) ബാലമണ്ഡലം പരിപാടി കേൾക്കാൻ കഴിയാഞ്ഞത്

48.ആണ്ടിലൊരിക്കൽ മലയാറ്റൂർക്കു പോകുന്ന പതിവ് ചാക്കുണ്ണി മാറ്റി വെച്ചതിന്റെ പൊരുൾ എന്തായിരുന്നു?

a) തയ്യൽക്കടയിലെ ആളുകളുടെ തിരക്ക് b) റേഡിയോ വാങ്ങാൻ പണം സ്വരൂപിക്കുന്നതിന്

c) ചെരിപ്പില്ലാത്തതിനാൽ

49.റേഡിയോ വാങ്ങാൻ പോകുന്ന ചാക്കുണ്ണിയോടുള്ള ജനങ്ങളുടെ ഭാവം എന്തായിരുന്നു ?

a) ആദരവ് b) പുച്ഛം c) അസൂയ

50.'***തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു.***' _ അർത്ഥ കൽപ്പനയെന്ത്?

a) കത്രികക്ക് മൂർച്ചയുണ്ടായിരുന്നില്ല

b) ചാക്കുണ്ണിയുടെ മനസ്സ് അസ്വസ്ഥമായിരുന്നു.

c) തുണികൾക്ക് കട്ടി കൂടുതലായിരുന്നു.

**SURESH AREEKODE. HST (Malayalam). GHSS. AREEKODE UGRAPURAM (PO). MALAPPURAM (DIST). PH:9562521509.**
***MA (Malayalam), MA(English), MA(Journalism).***
**Email:sbtckr@gmail.com.YOUTUBE:mukulam malayalam**